## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 50 06.01.2014-ൽ മറുപടിക്ക്

### സേവനാവകാശ നിയമം നടപ്പിലാക്കൽ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.ഉബൈദുള്ള** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സേവനാവകാശനിയമം നടപ്പിലാക്കിയ ശേഷം അതിന്റെ പ്രായോഗികക്ഷമതയും ഗുണദോഷങ്ങളും അനുബന്ധപ്രശ്നങ്ങളും സംബന്ധിച്ച് വിലയിരുത്തലുകൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ ;<br><br>(ബി) സാധാരണ പൗരനു ലഭിച്ച പ്രസ്തുത അവകാശം നിഷേധിക്കുന്നതും നിയമം ദുരുപയോഗം ചെയ്യുന്നതും സംബന്ധിച്ച് പരിശോധിക്കുന്നതിനും സുഗമമായ നടത്തിപ്പിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും ഉചിതമായ നടപടി സ്വീകരിക്കുമോ ;<br><br>(സി) പ്രസ്തുത നിയമം കുറ്റമറ്റ രീതിയിൽ നടപ്പിലാക്കാൻ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (എ) യും (ബി) യും (സി) യും കേരള സംസ്ഥാന സേവനാവകാശ നിയമം, 2012, 2012 നവംബർ 1 മുതൽ നിലവിൽ വന്നു. ടി നിയമം നടപ്പിലാക്കുന്നതിലേയ്ക്കായി സർക്കാരിന്റെ 98 വകുപ്പുകളുടെ/ സ്ഥാപനങ്ങളുടെ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിയമം നടപ്പിലാക്കുന്നതുസംബന്ധിച്ച് പ്രായോഗിക ബുദ്ധിമുട്ടുകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിയമം നടപ്പിലാക്കുന്നതിലേയ്ക്ക് 23.11.2012, 19.02.2013 എന്നീ തീയതികളിലെ 21145/ എ.ആർ.12(1)/2012/ഉ.ഭ.പ.വ., 20.12.2012-ലെ 14944/എ.ആർ.12(1)/2012/ഉ.ഭ.പ.വ., 04.10.2013-ലെ 16203/എ.ആർ.12(1)/2013/ ഉ.ഭ.പ.വ. എന്നീ സർക്കുലറുകൾ പ്രകാരം ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേയ്ക്കും കേരള സംസ്ഥാന |

സേവനാവകാശ ചട്ടം 6 പ്രകാരം സർക്കാർ ഓഫീസുകളിലെ നോട്ടീസ് ബോർഡിൽ ഗസറ്റ് വിജ്ഞാപനത്തിലെ വിവരങ്ങളും, സേവനങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളും, ചട്ടങ്ങളിലെ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കുന്നതിലേയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമവും ചട്ടങ്ങളും പ്രാവർത്തികമാക്കുന്നുണ്ടോ എന്നത് പഠിക്കുന്നതിലേയ്ക്ക് പരിശോധനാ സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ